## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റം - 2020 - അനാട്ടമി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർക്ക് പൊതു സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം : 1. 11.02.2020 തീയതിയിലെ Special Cell(GT)/4779/2019/DME നം. വിജ്ഞാപനം.

2. അനാട്ടമി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ 07.08.2020 തീയതിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ കരട് പട്ടിക.

3. അനാട്ടമി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ 26.08.2020 തീയതിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ പട്ടിക.

## ഉത്തരവ് നമ്പർ. ജി3/2070/2020/മെ.വി.വ തീയതി: 21.01.2021

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, 2020 വർഷത്തെ പൊതു സ്ഥലം മാറ്റത്തിനായി അനാട്ടമി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ പ്രകാരം, സ്ഥലം മാറ്റത്തിന് അർഹരായവരുടെ കരട് സ്ഥലംമാറ്റ പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചു. ആയതിന്മേൽ പരാതികൾ ഒന്നും തന്നെ ലഭിയ്ക്കാത്ത സാഹചര്യത്തിൽ പരാമർശം (3) പ്രകാരം അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു.

അന്തിമ പട്ടികയുടെ അടിസ്ഥാനത്തിൽ, അനാട്ടമി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകന്റെ 2020 വർഷത്തെ പൊതു സ്ഥലം മാറ്റം ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | നിലവിൽ ജോലി നോക്കുന്ന മെഡിക്കൽ കോളേജ് | സ്ഥലം മാറ്റി നിയമിച്ച മെഡിക്കൽ കോളേജ് | അഭിപ്രായം |
|---|---|---|---|
| ഡോ. വെങ്കടേഷ് പി | മഞ്ചേരി | കോഴിക്കോട് | ദുർഘട മേഖല |

അതാത് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഈ ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാരനെ സമയ ബന്ധിതമായി അറിയിക്കേണ്ടതും, ടി ജീവനക്കാരൻറെ വിടുതൽ / ജോലിയിൽ പ്രവേശിക്കൽ ഉത്തരവുകൾ സമയ ബന്ധിതമായി പുറപ്പെടിവിക്കേണ്ടതുമാണ്. ആയത് ഈ കാര്യാലയത്തിൽ കൃത്യമായി അറിയിക്കേണ്ടതാണ്.

DR.REMLA BEEVI.A
DIRECTOR

സ്വീകർത്താവ് : 1. ഡോ. വെങ്കടേഷ് പി,
അസിസ്റ്റന്റ് പ്രൊഫസർ, അനാട്ടമി വിഭാഗം (പ്രിൻസിപ്പൽ മുഖാന്തിരം).

2. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്,മഞ്ചേരി/കോഴിക്കോട്.

പകർപ്പ്: 1 അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

2. വെബ് സൈറ്റ് / നോട്ടീസ് ബോർഡ്.

3. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.